(ഡി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി കർശനവും സുരക്ഷിതവുമായ രീതിയിൽ വാഹനപരിശോധന നടത്തിവരുന്നുണ്ട്. മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടുപിടിച്ച് ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കുന്നതോടൊപ്പം ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിന് ബന്ധപ്പെട്ട ആർ.ടി.ഒ. മാർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. അപകട സാദ്ധ്യതാ മുന്നറിയിപ്പ് ബോർഡുകൾ, അമിതവേഗതാ നിയന്ത്രണത്തിനായി സ്പീഡ് ബ്രേക്കറുകൾ, സ്പീഡ് റഡാറുകൾ എന്നിവ സ്ഥാപിക്കുകയും ബ്ലാക്ക് സ്പോട്ടുകളായ സ്ഥലങ്ങൾ കണ്ടുപിടിച്ച് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ബ്ലിങ്കർ ലൈറ്റുകൾ, ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, ദേശീയ പാതകളിൽ അമിത വേഗം നിയന്ത്രിക്കുന്നതിനായി സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രധാന ജംഗ്ഷനുകളിൽ ക്യാമറ സ്ഥാപിച്ച് നിരീക്ഷണങ്ങൾ നടത്തി ട്രാഫിക് നിയമ ലംഘനങ്ങൾ കണ്ടെത്തി പ്രസ്തുത വാഹനങ്ങളിൽനിന്നും പിഴ ഈടാക്കിവരുന്നു.

വിദ്യാലയ ജനമൈത്രി പോലീസ്

157 (2976) ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) എവിടെയെല്ലാം പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-സി) ഉണ്ട്. സ്കൂളുകളിൽ സ്ഥാപിച്ച ടച്ച് സ്ക്രീൻ കിയോസ്കുകളിലൂടെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, സ്ത്രീ സംരക്ഷണ നിയമങ്ങൾ, കുട്ടികൾക്കായുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ, ഹെൽപ്പ്ലൈൻ നമ്പരുകൾ, സൈബർ കുറ്റകൃത്യങ്ങളും പരിഹാരങ്ങളും എന്നിവ വിരൽ തുമ്പിലൂടെ നിമിഷങ്ങൾക്കകം ലഭ്യമാകുന്നു. കൂടാതെ ചില വീഡിയോ ഫിലിമുകളും കുട്ടികൾക്ക് കാണാൻ അവസരമൊരുക്കുന്നു. വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാനായി ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സ്കൂളുകളിൽ ബോധവൽക്കരണ സെമിനാറുകൾ നടത്താനും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഉപയുക്തമാകുന്ന രീതിയിൽ ലഹരി വിരുദ്ധ പാംപ്ലെറ്റുകൾ വിതരണം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതി നിലവിൽ തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്ന് പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സ്ത്രീ-ശിശു സുരക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങുന്ന ഇൻഫർമേഷൻ ടച്ച് സ്ക്രീൻ കിയോസ്കുകൾ വിദ്യാലയങ്ങളിൽ ഇടയ്ക്കിടെ എത്തിക്കുവാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

വർഗ്ഗീയ സംഘടനകളുടെ ആക്രമണം

158 (2977) ശ്രീ. എം. എ. ബേബി :

ശ്രീ. ബി. സത്യൻ :

ശ്രീ. എളമരം കരീം :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരാധനാ സ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്നതും വർഗ്ഗീയ സംഘർഷങ്ങൾക്കിടവരുത്തുന്നതുമായ തരത്തിലുള്ള ചില വർഗ്ഗീയ സംഘടനകളുടെ ബോധപൂർവ്വമായ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ശക്തികളുടെ പ്രവർത്തനം സൈര്യജീവിതം തകർക്കുമെന്ന റിയാമോ ; എങ്കിൽ വർഗ്ഗീയ സംഘർഷങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നവർക്കെതിരെ മതനിരപേക്ഷ നിലപാടിലൂറച്ച നടപടികൾ സ്വീകരിക്കുമോ ;

(സി) ആറ്റിങ്ങലിൽ പ്രാർത്ഥനയ്ക്കിടെ ക്രൈസ്തവ വിശ്വാസികളെ ക്രൂരമായി ആക്രമിച്ച ഒരു വിഭാഗം ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) എല്ലാ പ്രതികളെയും പിടികൂടി മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അറിയാം. വർഗ്ഗീയ സംഘർഷങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നവർക്കെതിരെ മതനിരപേക്ഷ നിലപാടിലൂറച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly